# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

## പ്രസ് റിലീസ്

## മികച്ച പരിസ്ഥിതി സംരക്ഷണ പ്രവൃത്തി പുരസ്കാരം
## ജൂൺ 5 - 2019

മികച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അവ കാര്യ ക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന വ്യവസായശാലകൾക്ക് 1989 മുതൽ എല്ലാ വർഷവും സംസ്ഥാന മലിനീകരണ നിയന്ത്രണ അവാർഡുകൾ നൽകി വരുന്നു. ഈ വർഷത്തെ മികച്ച പരിസ്ഥിതി സംരക്ഷണ പ്രവൃത്തി പുരസ്കാരങ്ങൾ **ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ** 2019 ജൂൺ 5 ബുധനാഴ്ച വൈകിട്ട് **5** മണിയ്ക്ക് തിരുവനന്തപുരം ശ്രീകാര്യത്തുള്ള **Energy Management Centre** ചേരുന്ന പൊതുയോഗത്തിൽ വച്ച് വിതരണം ചെയ്യുന്നതാണ്. തദവസരത്തിൽ ബഹു. സഹകരണം, ടൂറിസം & ദേവസ്വം വകുപ്പ് മന്ത്രി **ശ്രീ.കടകംപള്ളിസുരേന്ദ്രൻ** വായു-ജല ഗുണനിലവാര ഡയറക്ടറിയും ബഹു. **മേയർ അഡ്വ. വി.കെ. പ്രശാന്ത്** പരിസ്ഥിതി വാർത്തയും പ്രകാശനം ചെയ്യുന്നതാണ്. അന്നേ ദിവസം വൈകുന്നേരം 3.30 മണിയ്ക്ക് ഈ വർഷത്തെ പരിസ്ഥിതി ദിന വിഷയമായ **"Air Pollution"** , നെക്കുറിച്ചുള്ള സെമിനാറുകളും ചർച്ചയും ഉണ്ടായിരിക്കുന്നതാണ്.

കഴിഞ്ഞ വർഷം സ്തുത്യർഹമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയ, ആതുരാലയങ്ങൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ, ക്രഷർ, ചെറുകിട തുറമുഖം-മത്സ്യബന്ധന കടവുകൾ, മാർക്കറ്റുകൾ, പന്നിഫാമുകൾ, വീടുവീടാന്തരം മാലിന്യ ശേഖരണ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മലിനജല സംസ്കരണ പ്ലാന്റുകൾ, എന്നീ വിഭാഗങ്ങൾക്കാണ് അവാർഡുകൾ. അവാർഡു ജേതാക്കളെ നിർണ്ണയിച്ചത് ബോർഡ് അംഗങ്ങളും സാങ്കേതിക വിദഗ്ദ്ധരും അടങ്ങിയ താഴെപ്പറയുന്ന സമിതിയാണ്.

1. ഡോ. അജിത് ഹരിദാസ്
   ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

2. ഡോ.കെ.ബി. രാധാകൃഷ്ണൻ
   പ്രൊഫസർ & ഹെഡ്
   ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി & ബയോകെമിക്കൽ എഞ്ചിനീയറിംഗ്, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്,
   പാപ്പനംകോട്, തിരുവനന്തപുരം

3. ഡോ. എ. സാബു
   അസിസ്റ്റന്റ് പ്രൊഫസർ,
   ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി & മൈക്രോബയോളജി
   സ്കൂൾ ഓഫ് ലൈഫ് സയൻസ്, കണ്ണൂർ യൂണിവേഴ്സിറ്റി

4. ശ്രീമതി. ശ്രീകല. എസ്.
മെമ്പർ സെക്രട്ടറി

5. ശ്രീ. ബാബുരാജൻ പി.കെ.
ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ, ഹെഡ് ഓഫീസ്,
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

മേൽ പറഞ്ഞ വിഭാഗങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് നാമനിർദ്ദേശം ചെയ്തവയിൽ നിന്ന് മികച്ചവ തെരഞ്ഞെടുത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലെ മുഖ്യ പരിസ്ഥിതി എഞ്ചിനീയർമാർ, മേൽ പറഞ്ഞ തിരഞ്ഞെടുപ്പ് കമ്മിറ്റിയ്ക്ക് മുമ്പാകെ അവതരിപ്പിച്ചു. അവയിൽ നിന്നും മികച്ചവയെ കമ്മിറ്റി തെരഞ്ഞെടുത്തു.

ജല-വായു മലിനീകരണ നിയന്ത്രണത്തിൽ കഴിഞ്ഞവർഷം കൈവരിച്ച നേട്ടങ്ങൾ, ഊർജ്ജ സംരക്ഷണത്തിനും ജലസംരക്ഷണത്തിനും നടപ്പിലാക്കിയ പദ്ധതികൾ, പരിസ്ഥിതി സംരക്ഷണത്തിൽ കൈവരിച്ച നേട്ടങ്ങൾ, സാമൂഹിക പ്രതിബദ്ധതയിൽ പൊതുജനോപകാരപ്രദമായി നടപ്പിലാക്കിയ പദ്ധതികൾ എന്നിവയാണ് അവാർഡ് നിർണ്ണയത്തിൽ പ്രത്യേകം ശ്രദ്ധിച്ച വിഷയങ്ങൾ. ഈ വർഷത്തെ അവാർഡു ജേതാക്കൾ താഴെപ്പറയുന്നവരാണ്.

1. **<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ- ജനസംഖ്യ 5 ലക്ഷത്തിനുമുകളിൽ</u>**

    **ഒന്നാം സ്ഥാനം**

    കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

2. **<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ- ജനസംഖ്യ 1 ലക്ഷം മുതൽ 5 ലക്ഷം വരെ</u>**

    **ഒന്നാം സ്ഥാനം**

    കൊയിലാണ്ടി മുനിസിപ്പാലിറ്റി, കോഴിക്കോട്

    **രണ്ടാം സ്ഥാനം**

    വടകര മുനിസിപ്പാലിറ്റി, കോഴിക്കോട്

3. **<u>പൊതു സീവേജ് സംസ്കരണ പ്ലാന്റ്</u>**

    **ഒന്നാം സ്ഥാനം**

    സീവേജ് സംസ്കരണ പ്ലാന്റ്, മുട്ടത്തറ, തിരുവനന്തപുരം

    **രണ്ടാം സ്ഥാനം**

    സീവേജ് സംസ്കരണ പ്ലാന്റ്, വെല്ലിംങ്ങ്ടൺ ഐലന്റ്, എറണാകുളം

4. **<u>ആശുപത്രികൾ</u>**

    **ഒന്നാം സ്ഥാനം**

    അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് , & റിസർച്ച് സെന്റർ, എറണാകുളം

**രണ്ടാം സ്ഥാനം**

ഡി.എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, വയനാട്

**മൂന്നാം സ്ഥാനം**

ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്

5. **ഹോട്ടൽ**

**ഒന്നാം സ്ഥാനം**

സ്പൈസ് വില്ലേജ്, ഇടുക്കി

**രണ്ടാം സ്ഥാനം**

ഹിൽട്ടൺ ഗാർഡൻ ഇൻ, തിരുവനന്തപുരം

**മൂന്നാം സ്ഥാനം**

ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, കാസർഗോഡ്

6. **വ്യവസായം**

**6.1 മലിനജല ഉൽപാദനം - 5 MLD യ്ക്ക് മുകളിൽ**

**ഒന്നാം സ്ഥാനം**

അഗസ്റ്റൻ ടെക്സ്റ്റയിൽ കളേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്

**രണ്ടാം സ്ഥാനം**

ബി.പി.സി.എൽ, കൊച്ചി റിഫൈനറി, എറണാകുളം

**6.2 മലിനജല ഉൽപാദനം - 1 മുതൽ 5 MLD വരെ**

**ഒന്നാം സ്ഥാനം**

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, തിരുവനന്തപുരം

**രണ്ടാം സ്ഥാനം**

എക്സ്ട്രാ വീവ് പ്രൈവറ്റ് ലിമിറ്റഡ്, യൂണിറ്റ് I, ആലപ്പുഴ

7. **ക്രഷർ**

**ഒന്നാം സ്ഥാനം**

പാറക്കൽ ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം

**രണ്ടാം സ്ഥാനം**

മാവനാൽ ഗ്രാനൈറ്റ്സ്, പത്തനംതിട്ട

**മൂന്നാം സ്ഥാനം**

പയ്യാവൂർ ക്രഷേഴ്സ്, കണ്ണൂർ

8. <u>പിഗ് ഫാം</u>

**ഒന്നാം സ്ഥാനം**

ഹിൽടോപ്പ് പിഗ് ഫാം, കരുവാഞ്ചാൽ, കണ്ണൂർ

**രണ്ടാം സ്ഥാനം**

നെൻമാറ പിഗ് ഫാം, പാലക്കാട്

9. <u>മറ്റു സ്ഥാപനങ്ങൾ</u>

**ഒന്നാം സ്ഥാനം**

വണ്ടർല ഹോളിഡെയ്സ് ലിമിറ്റഡ്, എറണാകുളം

**രണ്ടാം സ്ഥാനം**

കെ.കെ.ബിൽഡേഴ്സ്, കണ്ണൂർ

എല്ലാ അവാർഡ് ജേതാക്കൾക്കും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അവാർഡുകൾ ജൂൺ 5-ാംതീയതി ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം ശ്രീകാര്യത്തുള്ള എനർജി മാനേജ്മെന്റ് സെന്ററിൽ ചേരുന്ന പൊതുയോഗത്തിൽ വച്ച് ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ വിതരണം ചെയ്യുന്നതാണ്.

Ajit Haridas

**ഡോ.അജിത് ഹരിദാസ്**
**ചെയർമാൻ**
**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**